27. ബിൽഡിംഗ്സ് സബ് ഡിവിഷൻ, മഞ്ചേരി
28. റോഡ്സ് സബ് ഡിവിഷൻ, മഞ്ചേരി
29. റോഡ്സ് സബ് ഡിവിഷൻ, മലപ്പുറം
30. റോഡ്സ് സബ് ഡിവിഷൻ, കൊണ്ടോട്ടി
31. ബിൽഡിംഗ്സ് സബ് ഡിവിഷൻ, മാവേലിക്കര
32. റോഡ്സ് സബ് ഡിവിഷൻ, പീരുമേട്
33. റോഡ്സ് സബ് ഡിവിഷൻ, നെയ്യാറ്റിൻകര
34. റോഡ്സ് സബ് ഡിവിഷൻ, പാലാ

(സി) പരിഗണിക്കുന്നതാണ്.

പീരുമേട് താലൂക്കിലെ വികസനപ്രവർത്തനങ്ങൾ

123 [436] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് പീരുമേട് താലൂക്കിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തിയാക്കിയവ ഏതെല്ലാം എന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നടന്നുവരുന്ന പ്രവർത്തികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം ഘട്ടത്തിലെത്തിയെന്നും വെളിപ്പെടുത്താമോ;

(ഡി) ഇനി നടപ്പിലാക്കാനായി അയച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാം എന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും ഇനം തിരിച്ച് വിശദീകരിക്കുമോ;

(ഇ) ഓരോന്നിനും ചെലവഴിച്ച തുകയും നീക്കിവച്ച തുകയും എത്ര വീതമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീരുമേട് താലൂക്കിൽ താഴെ പറയുന്ന 6 റോഡുകളുടെ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്.

1. എലപ്പാറ വാഗമൺ റോഡ്
2. കുമളി ആലടി റോഡ്
3. കല്ലാർ ഗ്രാമ്പി റോഡ്
4. മുണ്ടക്കയം കൂട്ടാലുവേങ്ങ മുറിഞ്ഞപുഴ റോഡ്
5. ചെറുവള്ളിക്കുളം കണയങ്കവയൽ കോയിനാട് റോഡ്
6. അട്ടപ്പള്ളം ആനവിലാസം റോഡ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപറഞ്ഞവയിൽ എലപ്പാറ-വാഗമൺ റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണി പുരോഗമിച്ചുവരുന്നു.

(സി) (a) കുമളി ആലടി റോഡിന്റെ മെറ്റലിംഗ് ടാറിംഗ് പണികൾ തീർക്കേണ്ടതുണ്ട്. മണ്ണുവേല, കലുങ്കു പണി, താങ്ങുഭിത്തി ഇവയുടെ പണി കഴിഞ്ഞു.

(b) കല്ലാർ ഗ്രാമ്പി റോഡിന്റെ ടാറിംഗ് പണി അവശേഷിക്കുന്നു.

(c) അട്ടപ്പള്ളി ആനവിലാസം റോഡ്

(d) മുണ്ടക്കയം കപ്പലുവേങ്ങ മുറിഞ്ഞ പുഴ റോഡ്

(e) ചെറുവള്ളിക്കുളം കണയങ്ക വയൽ കോയിനാട് റോഡ്

ഇവയുടെ നിർമ്മാണം ർഘാടനം കഴിഞ്ഞു പണി തുടങ്ങി വരുന്നതേയുള്ളൂ.

(ഡി) ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വാഗമൺ ഉളുപ്പുണ്ണി റോഡ്, ഉപ്പുതുറ വാഗമൺ റോഡ് ഇവ ഏറ്റെടുക്കുവാനായി പരിഗണിച്ചു വരുന്നു. ചെറുവള്ളിക്കുളം കണയങ്ക വയൽ കോയിനാട് റോഡ് ടൂറിസം പദ്ധതിയിൽപെടുത്താനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂടാതെ നബാഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് ദേവിക്കുളം റോഡിൽ കരിന്തരുവി പാലവും ഏറ്റെടുക്കുന്നുണ്ട്. ആവശ്യമായ സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കാനായി റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മേൽപറഞ്ഞ പണികൾക്ക് തുകയൊന്നും ചിലവഴിച്ചിട്ടില്ല. ബഡ്ജറ്റിൽ കരിന്തരുവി പാലത്തിന് രൂപ 50,000 വകയിരുത്തിയിട്ടുണ്ട്. മറ്റു പണികൾക്ക് തുക വകയിരുത്തിയിട്ടില്ല.

തലസ്ഥാന റോഡ് വികസന പദ്ധതി

124 [437] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ തലസ്ഥാന വികസന പദ്ധതിയുടെ ഭാഗമായി വികസനത്തിനായി ഏറ്റെടുത്ത് അനുമതി നൽകിയ കവടിയാർ-പേരൂർക്കട-വഴയില, പട്ടം-കവടിയാർ, പട്ടം-മെഡിക്കൽ കോളേജ് റോഡുകളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) തലസ്ഥാന മേഖലയിലെ അതിപ്രധാന യാത്രാമാർഗങ്ങളുടെ വികസനം ത്വരിതഗതിയിൽ പൂർത്തീകരിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഈ റോഡുകളുടെ പണിയുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) എത്രയും പെട്ടെന്ന് ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി നിലവിലുള്ള കരാറുകാരനെക്കൊണ്ട് പണി പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly